ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചു വരുന്നു.

എ.ഡി.ബി. സഹായത്തോടെ മാതൃകാ പോലീസ് സ്റ്റേഷൻ

38 [1614] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി.-യുടെ സഹായത്തോടെ മാതൃകാ പോലീസ് സ്റ്റേഷനുകൾ തുടങ്ങാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എത്ര പോലീസ് സ്റ്റേഷനുകൾ ഈ പദ്ധതിയിൻകീഴിൽ വരുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് ഔട്ട് പോസ്റ്റുകൾ തുടങ്ങുവാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഭരണനവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വീസ് ഡെലിവറി പ്രോജക്റ്റിന്റെ ഭാഗമായി നിലവിലുള്ള 57 പോലീസ് സ്റ്റേഷനുകൾ തെരഞ്ഞെടുത്ത് പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ ഭരണ നവീകരണ നടപടികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ നടന്നുവരുന്നു.

(ബി) നിലവിലുള്ള 57 പോലീസ് സ്റ്റേഷനുകൾ ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഔട്ട് പോസ്റ്റുകൾ തുടങ്ങാൻ പദ്ധതിയില്ല.

മാതൃകാ പോലീസ് സ്റ്റേഷനുകൾ

39 [1615] ശ്രീ. പി. എസ്. സുപാൽ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ സംസ്ഥാനത്ത് മാതൃകാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര സ്റ്റേഷനുകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; ഈ പോലീസ് സ്റ്റേഷനുകളുടെ പ്രത്യേകതകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭരണനവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വീസ് ഡെലിവറി പ്രോജക്റ്റിന്റെ ഭാഗമായി നിലവിലുള്ള 57 പോലീസ് സ്റ്റേഷനുകൾ തിരഞ്ഞെടുത്തത് ടി പദ്ധതി പ്രകാരമുള്ള ആധുനികവൽക്കരണ നടപടികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള 57 പോലീസ് സ്റ്റേഷനുകളെയാണ് മാതൃകാ പോലീസ് സ്റ്റേഷനുകളാക്കി മാറ്റാൻ തെരഞ്ഞെടുത്തിരിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ അധികം വസിക്കുന്നതും വനിതകൾ അധികം വസിക്കുന്നതും ട്രാഫിക് കേസുകൾ വളരെയധികം രജിസ്റ്റർ ചെയ്യുന്നതുമായ പ്രദേശങ്ങൾ ഉൾപ്പെടുന്ന പോലീസ് സ്റ്റേഷനുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വാഹനമോഷണവും ഭവനഭേദനവും

40 [1616] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, വി. കെ. ചന്ദ്രൻ:

,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന മോഷണവും ഭവന ഭേദനവും തടയാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിന്നും മോഷ്ടിക്കുന്ന വാഹനങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് കടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാഹനമോഷണവും വീടുകവർച്ചയും സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാഹനമോഷണവും ഭവനഭേദനവും തടയുന്നതിന് മാത്രിയും പകലും വാഹനങ്ങൾ ചെക്ക് ചെയ്തും പട്രോളിംഗുകൾ ശക്തമാക്കിയും മുൻ ശിക്ഷക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചും റസിഡന്റ്സ് അസോസിയേഷനുകളുടെ നേതൃത്വത്തിൽ മോഷണത്തേയും ഭവനഭേദനത്തേയും കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തിയും ഇത്തരം സംഭവങ്ങൾ തടയുന്നതിന് നടപടി കൈക്കൊണ്ടുവരുന്നു.

(ബി) ഉണ്ട്.

(സി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly